# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1546
# 4.10.2016 ലെ മറുപടിക്ക്

## <u>ആസ്തി വികസന ഫണ്ട്</u>

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>Dr. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ ആസ്തി വികസന ഫണ്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | നിയോജക മണ്ഡല ആസ്തിവികസന പദ്ധതിക്കായുള്ള (LAC-ADS)മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത് സ.ഉ(പി) നം.332/2012/ധന തീയതി 11.06.2012 ഉത്തരവ് മുഖേനയാണ്. ഈ സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഫയലുകൾ ഇതിനായി വികസിപ്പിച്ച ഓൺ ലൈൻ പോർട്ടലിലൂടെയാണ് കൈകാര്യം ചെയ്യുന്നത് (http://ads.kerala.gov.in). ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(പി) നം.257/2015/ധന തീയതി 26.6.2016 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നം 55/2016/ധന തീയതി 22.06.2016 പ്രകാരം LAC-ADS മായി ബന്ധപ്പെട്ട MLA മാരുടെ ശുപാർശകൾ ധനകാര്യ വകുപ്പിൽ നേരിട്ട് സമർപ്പിക്കണമെന്നും സർക്കുലർ നം.74/2016/ധന തീയതി 7.9.2016 പ്രകാരം 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ശുപാർശകൾ 2016 ഡിസംബർ 31 നകം സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പുകൾ ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | എസ്റ്റിമേറ്റുകൾ പ്രൈസ് എന്ന സോഫ്റ്റ് വെയർ വഴി അയക്കണമെന്ന നിബന്ധന ഭരണതലത്തിൽ വലിയ കാലതാമസം വരുത്തുന്നതായി ബോദ്ധ്യമായിട്ടുണ്ടോ; പ്രൈസ് ഏർപ്പെടുത്താത്ത ഡിപ്പാർട്ടുമെന്റുകൾ നൽകുന്ന എസ്റ്റിമേറ്റുകളിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്; | എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കണമെന്ന നിബന്ധന ഭരണതലത്തിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. പ്രൈസ് ഏർപ്പെടുത്താത്ത ഡിപ്പാർട്ടുമെന്റുകൾ ടി സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് ആയതിലൂടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. |
| (സി) | പുതിയ വ്യവസ്ഥ പ്രകാരം അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി വ്യാപക ആക്ഷേപമുള്ളത് പരിഹരിക്കുവാൻ എന്തു ശ്രമം നടത്തി എന്നറിയിക്കാമോ; മാനുവൽ ആയി നൽകിയിരിക്കുന്ന എസ്റ്റിമേറ്റുകളിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് എന്നറിയിക്കാമോ? | ഓൺ ലൈൻ പോർട്ടലിലൂടെ ഫയലുകൾ കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിരവധി തവണ പരിശീലനം നൽകിയിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ NIC ജീവനക്കാരുടെ സേവനം ലഭ്യമാണ്. എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കനുസരിച്ച് PRICE സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**